**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4462** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജോലി സമയത്തെ അപകടം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലി സമയത്ത് അപകടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (എ) | വൈദ്യുതി ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലി സമയത്ത് അപകടം സംഭവിക്കുന്നത് ഒഴിവാക്കാൻ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ കൃത്യമായി നൽകാറുണ്ട്. എല്ലാ ദിവസവും സൺ റൈസ് മീറ്റിംഗുകളിൽ ആ ദിവസത്തെ ജോലികൾ സുരക്ഷിതമായി ചെയ്യേണ്ട നടപടി ക്രമം ചർച്ച ചെയ്യുകയും വർക്ക് ചെയ്യാനുള്ള അനുമതി നൽകി, വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായ മേൽനോട്ടത്തിൽ ആണ് ജോലികൾ ചെയ്യുന്നത്. കൃത്യമായ ഇടവേളകളിൽ പ്രഥമ ശുശ്രൂഷ ബോധവൽക്കരണം, അഗ്നിശമന പരിശീലനം എന്നിവ നൽകി വരുന്നു. ആവശ്യമായ പരിശീലനം നൽകുന്നതിന് മോക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നുണ്ട്. ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. സുരക്ഷാ പരിശോധന കൃത്യമായി നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.<br><br>വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.<br><br>വൈദ്യുതി ലൈനിൽ പണിയെടു ക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ soft copy "സുരക്ഷാ" എന്ന മൊബൈൽ ആപ്പ് വഴി ഫീൽഡ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നൽകിയിട്ടുള്ളത്. കരാർ ജീവനക്കാർക്കും സേഫ്റ്റി കിറ്റ് നിർബന്ധ മാക്കിയിട്ടുണ്ട്.<br><br>സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്ത നങ്ങൾ നടത്തി വരുന്നു.<br><br>സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പ വരുത്തുന്നതിനു ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്.<br><br>വർക്ക് സൈറ്റ് സുരക്ഷ ഉറപ്പ വരുത്താനായി വർക്ക് സൈറ്റ് പരിശോധന, സുരക്ഷാ ഓഡിറ്റ് എന്നിവ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ